# ക്വുർആനും സുന്നത്തും

ഒരു മുസ്ലിം വിശ്വസിക്കുകയും ജീവിതത്തിൽ പകർത്തുകയും ചെയ്യേണ്ട ആറു കാര്യങ്ങളെപ്പറ്റി പഠിച്ചിട്ടുണ്ടല്ലോ. അവയ്ക്ക് ഈമാൻ കാര്യങ്ങൾ എന്നു പറയുന്നു. ഇക്കാര്യങ്ങളെല്ലാം ശരിയായ വിധം വിശ്വസിക്കുകയും, ഇസ്ലാമിലെ വിധി വിലക്കുകൾ സ്വീകരിച്ചു ജീവിക്കുകയും ചെയ്താൽ മാത്രമേ നാം പരലോക വിജയികളിൽ ഉൾപ്പെടുകയുള്ളൂ.

لا إلـه إلاَّ الله مُحَمَّدٌ رَّسُولُ اللهِ എന്ന വചനങ്ങളിൽ വിശ്വസിക്കുന്ന ഒരാൾക്ക് തോന്നിയ വിധം ജീവിക്കാൻ പാടുള്ളതല്ല. നമുക്കു ചെയ്യാൻ പാടുള്ളതും പാടില്ലാത്തതും പരിശുദ്ധ ഖുർആനിൽ അല്ലാഹു വിവരിച്ചു തന്നിട്ടുണ്ട്. മുഹമ്മദ് നബി (ﷺ) അവയെല്ലാം സവിസ്തരം മനുഷ്യ സമൂഹത്തെ പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ ഖുർആനും നബിചര്യയും പഠിക്കുവാനും അവ ജീവിതത്തിൽ പകർത്തുവാനും ഓരോ മുസ്ലിമിനും ബാധ്യതയുണ്ട്. അല്ലാഹു പറയുന്നു:

وما كَانَ لمؤمنٍ ولاَ مؤمنة إذَا قَضى اللهُ و رسولُه أمرا أن يكُونَ لَهم الْخيرةُ من أمرهم ومن يعصِ الله و رسولَه فَقَد ضل ضلاَلاً مبِينا ( سورة الأحزاب : 36 )

"അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യം വിധിച്ചു കഴിഞ്ഞാൽ അവരവരുടെ സ്വന്തം കാര്യങ്ങളിൽ ഇഷ്ടപ്രകാരം ചെയ്യുക എന്നത് ഒരു സത്യവിശ്വാസിക്കും സത്യവിശ്വാസിനിക്കും പാടില്ല. ആരെങ്കിലും അല്ലാഹുവിനും അവന്റെ ദൂതനും എതിരു ചെയ്താൽ അവൻ വ്യക്തമായ നിലയിൽ വഴി പിഴച്ചു പോയിരിക്കുന്നു."

പരിശുദ്ധ ക്വുർആൻ അല്ലാഹുവിൻെറ സന്ദേശമാണ്. ഈ ക്വുർആൻ നമ്മെ കേൾപിച്ചതും അത് വിശദീകരിച്ച് തന്നതും നബി (ﷺ) യാണ്. മതപരമായ കാര്യങ്ങൾ ഏതെല്ലാമാണെന്നും ഏതു വിധത്തിലാണെന്നും നബി (ﷺ) യിൽ നിന്നാണ് നാം മനസ്സിലാക്കിയത്. നബി (ﷺ) യുടെ ഈ ജീവിത ചര്യക്കാണ് سُنَّةُ الرَّسُول എന്നു പറയുന്നത്. ക്വുർആനും നബിചര്യയും പിന്തുടർന്ന് ജീവിക്കുന്ന കാലത്തോളം നാം വഴി തെറ്റിപ്പോകുകയില്ല. നബി (ﷺ) പറയുന്നു:

تركْت فيكُم أمرينِ لَن تضلوا ما تمسكْتم بِهما كتاب اللهِ و سنةُ رسوله (مالك)

"രണ്ടു കാര്യങ്ങൾ ഞാൻ നിങ്ങളിൽ വിട്ടു പോകുന്നു. അതു രണ്ടും മുറുകെപ്പിടിച്ചു ജീവിക്കുന്ന കാലത്തോളം നിങ്ങൾ വഴിപിഴക്കുകയില്ല. അല്ലാഹുവിൻെറ കിതാബും അവൻെറ റസൂലിൻെറ സുന്നത്തുമാണവ."

ക്വുർആനിനേയും സുന്നത്തിനേയും സംബന്ധിച്ച് പ്രധാനപ്പെട്ട കുറേ കാര്യങ്ങൾ നാം ആദ്യമായി പഠിക്കേണ്ടതുണ്ട്. അവ പഠിച്ചു ജീവിതത്തിൽ പകർത്തുവാൻ നാമെല്ലാം ശ്രമിക്കേണ്ടതാണ്. അല്ലാഹു സഹായിക്കട്ടെ.